സ.ഉ.(സാധാ) നം.3390/2023/GEDN

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം - കിഫ്ബിയുടെ ഒരു കോടി രൂപ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി - വിവിധ കാരണങ്ങളാൽ യഥാസമയം ആരംഭിച്ച് നിർമ്മാണം നടത്താൻ സാധിക്കാത്ത 5 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പുതുക്കിയ നിരക്കിൽ ഭരണാനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (എം) വകുപ്പ്

സ.ഉ.(സാധാ) നം.3390/2023/GEDN തീയതി,തിരുവനന്തപുരം, 12-06-2023

പരാമർശം:-
1. സ.ഉ.(സാധാ) നം.2396/2019/പൊ.വി.വ തീയതി, 18/06/2019
2. സ.ഉ. (സാധാ) നം.3588/2022/ധന തീയതി, 12/05/2022
3. കില, ചീഫ് മാനേജരുടെ 24/01/2023 തീയതിയിലെ CM/PMU/ KILA-KIIFB/01/2020 നമ്പർ കത്ത്

ഉത്തരവ്

കിഫ്ബിയുടെ ഒരു കോടി രൂപ ധനസഹായത്തോടെ സംസ്ഥാനത്തെ 446 പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി പരാമർശം (1) പ്രകാരം കിലയെ എസ്.പി.വിയായി ചുമതലപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നു.

(2) വിവിധകാരണങ്ങളാൽ റീടെൻഡർ ആവശ്യമായി വരുന്ന നിർമ്മാണപ്രവൃത്തികൾക്ക് നിലവിൽ സാങ്കേതിക അനുമതി 2016 ഡി.എസ്.ആർ നിരക്കിലും 12 % ജി.എസ്.ടി യും ഉൾപ്പെടുത്തിയാണ് നൽകിയിരിക്കുന്നതെന്നും ടി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് 2018 ഡി.എസ്.ആർ -18% ജി.എസ്.ടി നിരക്കിൽ പുതുക്കി നൽകിയാൽ മാത്രമേ സാങ്കേതിക അനുമതി നൽകി ടെൻഡർ നടപടികളിൽ ഏർപ്പെടുവാൻ സാധിക്കുകയുള്ളു എന്നും ഇപ്രകാരം 2018 ഡി.എസ്.ആർ - 18% ജി.എസ്.ടി നിരക്കിൽ എസ്റ്റിമേറ്റ് പുതുക്കി തയ്യാറാക്കുമ്പോൾ കിഫ്ബി അംഗീകരിച്ച തുകയേക്കാൾ 30 % ത്തോളം അധിക തുക ആവശ്യമായി വരുന്നുണ്ടെന്നും ഒരു കോടി രൂപയുടെ പ്രവൃത്തികൾക്ക് മേൽ കാരണങ്ങളാൽ 1.30 കോടി രൂപയാക്കി നിർവഹണം നടത്തുന്നതിന് പരാമർശം (2) പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ടെന്നും ആയതിനാൽ ഭരണാനുമതി തുക 1.30 കോടി രൂപയാക്കി ഓരോ പ്രവൃത്തികൾക്കും പുതുക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും കില പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയുടെ ഒരു കോടി രൂപ ധനസഹായത്തോടെ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിലയെ എസ്.പി.വിയായി ചുമതലപ്പെടുത്തി വിവിധ കാരണങ്ങളാൽ റീടെൻഡർ ആവശ്യമായി വരുന്ന ചുവടെ ചേർക്കുന്ന സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾക്ക് പുതുക്കിയ നിരക്കിൽ 1.30 കോടി വിനിയോഗിച്ച് നിർമ്മാണം നടത്തുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സ.ഉ.(സാധാ) നം.3390/2023/GEDN

Sl No.	Name of School	District	School Code
1.	GHSS Sasthamkotta	Kollam	39004
2.	GBHSS Valathungal	Kollam	41078
3.	GHSS Koyikkal	Kollam	41030
4.	SNDPUPS Pattathanam	Kollam	41451
5.	GHSS Keezharoor	Thiruvananthapuram	44063

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീലത ആർ എസ്
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
അസ്സിസ്റ്റന്റ് കോ - ഓർഡിനേറ്റർ, വിദ്യാകിരണം, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, കിഫ്ബി, തിരുവനന്തപുരം
ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ